*➪ ജലസമ്പത്ത് ശോഷിക്കുകയും ജലവും മണ്ണും മലിനീകരിക്കപ്പെടുകയും ചെയ്തു ➪*

# പ്ലാച്ചിമടക്കാർ മറ്റെന്താണ് ചെയ്യേണ്ടത്?

പ്ലാച്ചിമടയിലെ നാശനഷ്ടങ്ങൾക്ക് കൊക്കക്കോളയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി 2011 ഫെബ്രുവരി 24ന് നിയമസഭ പാസാക്കിയ നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് മൂന്ന് വർഷം കഴിഞ്ഞിട്ടും രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാത്തതിനാൽ പ്ലാച്ചിമടയിൽ അനിശ്ചിതകാല നിരാഹാര സമരം തുടങ്ങി. 15 ദിവസത്തിനുള്ളിൽ തീരുമാനമുണ്ടാകുമെന്ന് 2014 ഫെബ്രുവരി 23ന് മുഖ്യമന്ത്രി നൽകിയ ഉറപ്പിൽ സെക്രട്ടേറിയറ്റ് നടയിൽ നടത്താനിരുന്ന നിരാഹാര സമരം തത്കാലം പിൻവലിച്ചു. വാക്കു പാലിച്ചില്ലെങ്കിൽ തുടർ സമരങ്ങളുണ്ടാകുമെന്ന്

**വിളയോടി വേണുഗോപാലൻ**

**കേരളത്തിൽ** നടന്നിട്ടുള്ള ജനകീയ സമരങ്ങളുടെ ചരിത്രത്തിൽ സവിശേഷമായ സ്ഥാനമുള്ള ഒന്നാണ് പ്ലാച്ചിമട സമരം. 2002 ഏപ്രിൽ 22 ന് ലോക ഭൗമ ദിനത്തിലാരംഭിച്ച സമരം ഇപ്പോഴും തുടരുകയാണ്. സമൂഹത്തിൽ ഏറ്റവും അവഗണിക്കപ്പെട്ട ജനതയായ ആദിവാസികളുടെ മുൻകൈയിൽ നടക്കുന്ന സമരമാണിത്. ആദ്യഘട്ടത്തിൽ സമരത്തെ എതിർത്ത രാഷ്ട്രീയ കക്ഷികൾക്കുപോലും പിന്നീട് അനുകൂലിക്കേണ്ടിവരികയും, സമരത്തിന്റെ ഉടയോൻമാർ തങ്ങളാണെന്ന് അവകാശവാദമുന്നയിക്കാൻ നിർബന്ധിതരാവുകയും ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ട്. സമരം ലോകശ്രദ്ധയാകർഷിക്കുകയും ഏതാനും ചില മാധ്യമങ്ങൾ സമര പക്ഷത്ത് അടിയുറച്ച് നിൽക്കുകയും ചെയ്തപ്പോഴാണ് രാഷ്ട്രീയകക്ഷികൾ പ്രത്യക്ഷത്തിലെങ്കിലും സമരാനുകൂലികളായത്. തുടർന്ന് അതിശക്തമായ ജനവികാരത്തിന്റെ സമ്മർദ്ദം മൂലം പ്ലാച്ചിമടയിലെ കോളാ ഫാക്ടറി അടച്ചുപൂട്ടേണ്ടിവന്നു.

കോളാഫാക്ടറിയുടെ ഏതാനും വർഷത്തെ പ്രവർത്തനം കൊണ്ടുതന്നെ പ്ലാച്ചിമട മേഖലയിലെ ജനങ്ങളുടെ ജീവിതത്തിനടിസ്ഥാനമായ ജലസമ്പത്ത് ശോഷിക്കുകയും ജലവും മണ്ണും മലിനീകരിക്കപ്പെടുകയും ചെയ്തു. ഒരു മേഖലയിലെ ജനങ്ങളുടെ ജീവിതത്തിൽ ഈ വിധത്തിലുള്ള കെടുതികൾ വരുത്തിവച്ച കോളാക്കമ്പനിയിൽ നിന്ന് നഷ്ടപരിഹാരമീടാക്കുക എന്നത് സാമാന്യ നീതി മാത്രമാണ്. ഇന്നാട്ടിലെ രണ്ടു പൗരൻമാർക്കിടയിൽ ഉണ്ടാവുന്ന തർക്കങ്ങളിൽ നിയമപരമായി പ്രയോഗത്തിലിരിക്കുന്ന ഈ നഷ്ടപരിഹാരയുക്തി കൊക്കകോളയ്കും പ്ലാച്ചിമട ജനതക്കുമിടയിൽ പ്രസക്തമല്ലായെന്നു പറയാൻ കാരണങ്ങളൊന്നുമില്ല. ഫാക്ടറി അടച്ചുപൂട്ടിയെങ്കിലും ഈയൊരു ജനകീയാവകാശം സ്ഥാപിച്ചുകിട്ടുന്നതിനാണ് പ്ലാച്ചിമട സമരം ഇപ്പോഴും തുടരുന്നത്. പ്ലാച്ചിമട സമരത്തിന്റെ ഈ ന്യായം അംഗീകരിച്ചുകൊണ്ടാണ് കഴിഞ്ഞ സർക്കാർ പ്ലാച്ചിമട ജനതയ്ക്ക് കോളാ ഫാക്ടറി മൂലമുണ്ടായ നഷ്ടത്തെക്കുറിച്ച് വിലയിരുത്തി നഷ്ടപരിഹാരം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനെക്കുറിച്ച് പഠിക്കാൻ അന്നത്തെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നതാധികാര സമിതിയെ നിയോഗിച്ചത്. പ്ലാച്ചിമടജനതയ്ക്ക് കോളാക്കമ്പനിയിൽ നിന്ന് 216.26 കോടി രൂപാ നഷ്ടപരിഹാരമീടാക്കി നൽകാൻ ട്രിബ്യൂണൽ സ്ഥാപിക്കണമെന്ന ശുപാർശയാണ് ഉന്നതാധികാരസമിതി നൽകിയത്. ഈ ശുപാർശയംഗീകരിച്ച സർക്കാർ അതിനായി പ്ലാച്ചിമട ന



പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ ഏകകണ്ഠമായി പാസ്സാക്കിയ കേരളനിയമസഭയിലെ ഇപ്പോഴത്തെ സാമാജികരും അവർ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ കക്ഷികളും ബില്ലിന് രാഷ്ടപതിയുടെ അംഗീകാരം നേടിയെടുക്കുന്ന കാര്യത്തിൽ ഉത്തരവാദിത്വപൂർണ്ണമായ നിലപാട് സ്വീകരിച്ചു എന്നു പറയാനാവില്ല.

ഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ നിയമസഭയിലവതരിപ്പിക്കുകയും 2011 ഫെബ്രുവരി 24ന് ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്തു. ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി 2011 മാർച്ച് 29ന് കേന്ദ്രത്തിലേക്ക് സമർപ്പിച്ചു.

കേരളനിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ ബിൽ രാഷ്ട്രപതിയ്ക്ക് അയച്ചിട്ട് ഇപ്പോൾ മൂന്നു വർഷത്തോളമായി. കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങൾ, ബില്ലിന് അംഗീകാരം നൽകുന്നതിനനുകൂലമായ ശുപാർശകളോടെ ആഭ്യന്തര മന്ത്രാലയത്തിനയച്ചെങ്കിലും അവിടെ ആ ബിൽ ഫയലിൽ ഉറങ്ങുകയാണ്. കോളാക്കമ്പനിയുടെ സ്വാധീനമാണ് ബില്ലിന്റെ ഈ ദീർഘനിദ്രക്ക് കാരണമെന്ന് വ്യക്തമാണ്. ഇത് ഗൗരവപൂർവ്വം പരിഗണിക്കേണ്ട ഒരു ജനാധിപത്യ പ്രശ്നമാണ്. കേരളനിയമസഭയുടെ ഏകകണ്ഠമായ തീരുമാനം കേരളജനതയുടെ ഏകകണ്ഠമായ തീരുമാനമാണ്. കാരണം ജനാധിപത്യത്തിൽ പരമാധികാരികൾ ജനങ്ങളാണ്. പ്രാതിനിധ്യ ജനാധിപത്യം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് നിയമസഭകളിലെയും പാർലമെന്റിലെയും ജനപ്രതിനിധികൾക്ക് നിയമനിർമ്മാണാധികാരം സിദ്ധിക്കുന്നത് ജനാധിപത്യത്തിലെ പരമാധികാരികളായ ജനങ്ങൾ വോട്ടിലൂടെ അവർക്ക് നൽകിയ അധികാരത്തിന്റെ നിയമപരമായ ബലത്തിൽ മാത്രമാണ്. അതുകൊണ്ടുതന്നെ കേരളനിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ടിബ്യൂണൽ ബിൽ ഈ വിഷയത്തിലുള്ള കേരളജനതയുടെ രാഷ്ട്രീയ നിലപാടിന്റെ പ്രതിഫലനമാണ്. ഈ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുക എന്നത് കേവലം ഭരണപരവും നിയമപരവുമായ നടപടിക്രമം മാത്രമാണ്.

പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ ഏകകണ്ഠമായി പാസ്സാക്കിയ കേരളനിയമസഭയിലെ ഇപ്പോഴത്തെ സാമാജികരും അവർ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ കക്ഷികളും ബില്ലിന് രാഷ്ടപതിയുടെ അംഗീകാരം നേടിയെടുക്കുന്ന കാര്യത്തിൽ ഉത്തരവാദിത്വപൂർണ്ണമായ നിലപാട് സ്വീകരിച്ചു എന്നു പറയാനാവില്ല. ഇക്കാര്യത്തിൽ പേരിനു മാത്രമുള്ള ചില നീക്കങ്ങൾ ഭരണ പ്രതിപക്ഷങ്ങൾ നടത്തി എന്നത് നിഷേധിക്കുന്നില്ല. എന്നാൽ വിദേശമൂലധനത്തെ ആശ്രയിച്ചുകൊണ്ടുള്ള വൻകിടവികസനവിസ്മയങ്ങളും അതിനിടയിലെ തങ്ങളുടെ സാധ്യതകളും സ്വപ്നം കാണുന്ന ഭരണപ്രതിപക്ഷങ്ങൾക്ക് സാധാരണജനങ്ങളുടെ ജീവിതത്തിലെ നോവുകളേക്കാൾ പ്രധാനം, കുത്തകമൂലധനത്തിന്റെ പ്രഭാവത്തിന് മങ്ങൽതട്ടുന്ന നടപടികൾ ഒഴിവാക്കുന്ന കാര്യമാണോ എന്ന സംശയം അസ്ഥാനത്തല്ല.

സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണാധികാരം ഭരണഘടനാപരമായി ഉപയോഗിക്കപ്പെടുമ്പോൾ അതിൽ സ്ഥാപിത താൽപര്യങ്ങളോടെ ഇടങ്കോലിടുന്നതിനെതിരെ നിലപാടെടുക്കാനുള്ള രാഷ്ട്രീയ ആർജ്ജവം കേരളത്തിലെ രാഷ്ട്രീയകക്ഷികൾക്കുണ്ടോ എന്ന ചോദ്യമാണ് ഇപ്പോൾ പ്ലാച്ചിമടസമരവേദിയിൽ നിന്നുയരുന്നത്. പ്ലാച്ചിമട സമരത്തിൽ അണിചേരാത്ത സാമൂഹിക സാംസ്കാരിക പാരിസ്ഥിതികപ്രസ്ഥാന

## പ്രത്യേക വിചാരണ ട്രിബ്യൂണൽ എന്തിന്?

1. പ്ലാച്ചിമട കൊക്കക്കോള കമ്പനിയുടെ പ്രവർത്തനം മൂലമുണ്ടായ പരിസ്ഥിതി നാശങ്ങളും ജലശോഷണവും അപ്രതീക്ഷിതമോ കമ്പനി മാനേജ്മെന്റിന്റെ അറിവില്ലായ്മ കൊണ്ട് സംഭവിച്ചതോ അല്ല. ലോകത്ത് നിരവധി സ്ഥലങ്ങളിൽ ഉല്പാദന കേന്ദ്രങ്ങളുള്ള കൊക്കക്കോള കമ്പനിക്ക് ഇത് തീർച്ചയായും മുൻകൂർ അറിയാനാകുമായിരുന്നു.

2. കാഡ്മിയം, ലെഡ് തുടങ്ങിയ മാരകമാലിന്യങ്ങൾ കൊക്കക്കോള പുറത്തുവിട്ട മലിനജലത്തിലും വളമെന്ന് തെറ്റിദ്ധരിപ്പിച്ച് വ്യാപകമായി വിതരണം ചെയ്ത ഖരമാലിന്യത്തിലും അടങ്ങിയിരുന്നതായി ലണ്ടനിലെ എക്സിറ്റർ യൂണിവേഴ്സിറ്റി ചെന്നൈ സ്വർഗ്ഗം ലാബ്സ്, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്, കേരള മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പഠനങ്ങളിൽ തെളിയിക്കപ്പെട്ടു. പരിസരത്തെ കുടിവെള്ള സ്രോതസ്സുകൾ, കൃഷിയിടങ്ങൾ, ചിറ്റൂർ പുഴ, എന്നിവ മലിനമാക്കപ്പെട്ടു.

3. പ്രതിദിനം 25 ലക്ഷം ലിറ്റർ വരെ ജലം ഊറ്റിയെടുത്തിരുന്നതിനാൽ കാർഷിക മേഖലയിലും വ്യാപകമായ പ്രതിസന്ധി ഉണ്ടായി. ഭൂജല നിരപ്പ് ഗണ്യമായി താഴ്ന്നു.

4. ആരോഗ്യ പ്രശ്നങ്ങൾ, തൊഴിൽ നഷ്ടം, കാർഷിക നഷ്ടം, പരിസ്ഥിതി പുനഃസ്ഥാപനം, ദീർഘകാലത്തേക്കുള്ള കുടിവെള്ള വിതരണം തുടങ്ങിയവക്കുള്ള ചിലവുകൾ കൊക്കക്കോളയിൽ നിന്നും ഈടാക്കേണ്ടത് ന്യായയുക്തമായ നടപടിയാണ്.

5. ദലിതരും ആദിവാസികളും തിങ്ങിപ്പാർക്കുന്ന രണ്ട് കോളനികൾക്കിടയിൽ പലവിധ നിയമങ്ങളും ലംഘിച്ച് പ്രവർത്തിച്ച കോളക്കമ്പനിക്കെതിരെ ക്രിമിനൽ കുറ്റകൃത്യം ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി കേസുകൾ എടുക്കേണ്ടിയിരുന്ന ഭരണകൂടങ്ങൾ കോർപറേറ്റ് വിധേയത്വത്തിന്റെയും സാമ്രാജ്യത്വദാസ്യത്തിന്റെയും  പേരിൽ അത്തരം നടപടികളിൽ നിന്നും വിട്ടുനിന്നു.

6. പരിസ്ഥിതി നിയമങ്ങൾ ലംഘിച്ചതായി കണ്ടെത്തിയിട്ടും കൊക്കക്കോളക്കെതിരെ യാതൊരു നിയമ നടപടിയും ഉണ്ടായില്ല.

7. ഫാക്ടറി മാറ്റി സ്ഥാപിക്കുക, മാമ്പഴച്ചാർ ഫാക്ടറി യായി പരിവർത്തിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചുകൊണ്ട് കോളയെ നിയമവിചാരണകളിൽ നിന്ന് രക്ഷിച്ചെടുത്താനുള്ള ശ്രമം രാഷ്ട്രീയ നേതൃത്വങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടായി.

2011 ഡിസംബർ 17ന് കൊക്കക്കോളയുടെ ആസ്തികൾ പിടിച്ചെടുത്തതായി പ്രഖ്യാപിച്ചുകൊണ്ട് 22 പേർ അറസ്റ്റു വരിച്ച് ജയിലിൽ പോവുകയും ജയിലിൽ നിരാഹാര സമരം ആരംഭിക്കുകയും ചെയ്തു. മദ്ധ്യസ്ഥ ശ്രമങ്ങളുടെ ഭാഗമായി പ്രശ്നത്തിൽ സർക്കാർ സത്വരമായി ഇടപെടുമെന്ന് ജലവിഭവവകുപ്പ് മന്ത്രി പി. ജെ. ജോസഫ് ഉറപ്പുനൽകി. പിന്നീട് പലവട്ടം മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ കണ്ട സമരസമിതി നേതാക്കളോട് ഡൽഹിയിലുള്ള കേരള സർക്കാർ ഉദ്യോഗസ്ഥർ മുഖേന കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ പൂർത്തിയാക്കേണ്ട നടപടികൾ വളരെ വേഗം പൂർത്തിയാക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി, എന്നാൽ കേന്ദ്ര ആഭ്യന്തര വകുപ്പ് സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞത് കേരള സർക്കാരിലെ ഏതെങ്കിലും മന്ത്രിയോ, ഉദ്യോഗസ്ഥ പ്രതിനിധികളോ ഇക്കാര്യം തന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ല എന്നാണ്.

ങ്ങൾ ഈ നാട്ടിലില്ല. പ്ലാച്ചിമടസമരം പരാജയപ്പെട്ടാൽ അത് ഇപ്പോൾ നടക്കുന്നതും ഇനി ഉയർന്നു വരാനുള്ളതുമായ എല്ലാ ജനകീയസമരങ്ങളെയും ദുർബ്ബലപ്പെടുത്തും.

ഞങ്ങൾ പ്ലാച്ചിമട ജനത എത്രയോ സമരരൂപങ്ങളാണ് കഴിഞ്ഞ പതിനൊന്നു വർഷത്തിനിടയിൽ  സ്വീകരിച്ചിട്ടുള്ളത്. എല്ലാ സമരരൂപങ്ങളും തികച്ചും അഹിംസാത്മകങ്ങളായിരുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്. സമരക്കാർ എത്രയോ പ്രാവശ്യം മർദ്ദനങ്ങളും അറസ്റ്റും കേസുകളും മറ്റും ഏറ്റുവാങ്ങി. എന്നാൽ ഒരിക്കൽപോലും സമരക്കാരുടെ ഭാഗത്ത് നിന്ന് ഒരു കല്ലോ വടിയോ പോലീസിന്റെ നേർക്കോ കോളാകമ്പനിയുടെ പ്രതിനിധികളുടെയോ കമ്പനിയുടെ വസ്തുവകകളുടെ നേരെയോ ഉയർന്നിട്ടില്ല. ഞങ്ങളിപ്പോൾ അക്രമരഹിതസമരമുറയുടെ നിർമ്മാണാത്മക തലം കൂടി വികസിപ്പിച്ചിരിക്കുകയാണ്. പ്ലാച്ചിമട സോപ്പ് സമരപ്രവർത്തകരുടെ മുൻകൈയിൽ ഉല്പ്പാദിപ്പിച്ച് തുടങ്ങിയിരിക്കുന്നു. പ്ലാച്ചിമട സോപ്പ്, ഒരു കുത്തക കമ്പനിമൂലം കുട്ടിച്ചോറായ ഒരു ജനതയുടെ ജീവിതം തിരികെ പിടിക്കാനുള്ള യത്നങ്ങളുടെ മാത്രമല്ല, മൂലധനശക്തികളുടെ ചൊൽപ്പടിയിൽ നിൽക്കുന്ന, മലിനീകരിക്കപ്പെട്ട രാഷ്ട്രീയവ്യവസ്ഥയെ കഴുകിവെടിപ്പാക്കാനുള്ള ജനകീയ ഇച്ഛയുടെ കൂടി പ്രതീകമാണ്. അക്രമരഹിത സമര പാതയിലെ ഈ നിർമ്മാണാത്മകത സ്വാതന്ത്ര സമരത്തിലൂടെ ഗാന്ധിജി ചൂണ്ടിക്കാണിച്ചതാണ്. ഞങ്ങൾ അന്തിമഘട്ടത്തിലേക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുകയാണ്. ഇനി പ്ലാച്ചിമട ജനത




ക്ക് ഈ സമരത്തിനായി സമർപ്പിക്കാനുള്ളത് അവരുടെ ജീവൻ മാത്രമാണ്. ഓരോരുത്തരായി മരണം വരെയുള്ള നിരാഹാരസമരം നടത്തിക്കൊണ്ട് ഭരണകൂടത്തിന്റെ കണ്ണുതുറപ്പിക്കാൻ തയ്യാറെടുക്കുകയാണ്.

ഈ അന്തിമ സമരം പ്ലാച്ചിമടയിലെ ജനങ്ങൾക്ക് ഏതാനും നാണയത്തുട്ടുകൾ നഷ്ടപരിഹാരമായി കിട്ടുക എന്ന മോഹം മുൻനിർത്തിയല്ല, മറിച്ച് എല്ലാവരുടെയും ജനാധിപത്യാവകാശങ്ങൾക്ക് വേണ്ടിയുള്ളതാണെന്ന് പൊതുസമൂഹം മനസ്സിലാക്കണം. ഈ സമരം വിജയിക്കുമ്പോൾ അതിന്റെ നേട്ടങ്ങൾ പ്ലാച്ചിമടയിലൊതുങ്ങുന്നതാവില്ല. ഒന്നുകിൽ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കണം; അല്ലെങ്കിൽ, ഈ രാജ്യത്തെ ഭരണവ്യവസ്ഥ കുത്തകമൂലധനത്തിന്റെ കൈകളിലാണെന്നും അതിനെ നേരിടാൻ തങ്ങൾക്ക് കഴിവില്ലെന്നും തുറന്നു സമ്മതിച്ചുകൊണ്ട് കേരളനിയമസഭ പ്രമേയം പാസ്സാക്കി ഞങ്ങളോട് സമരമവസാനിപ്പിക്കാൻ ആവശ്യപ്പെടണം. അതല്ലാതെ ഞങ്ങൾ പിന്നോട്ടില്ല. പ്ലാച്ചിമട ജനത ഇനി മറ്റെന്താണ് ചെയ്യേണ്ടത്? ■

## വി.എം. സുധീരന് കത്തയച്ചു

**ബഹുരാഷ്ട്ര** കുത്തകയായ കൊക്കക്കോള കമ്പനി പ്ലാച്ചിമടയിൽ സൃഷ്ടിച്ച നാശനഷ്ടങ്ങൾക്ക് കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ 2011 ഫെബ്രുവരി 24ന് കേരള നിയമസ ഐകകണ്ഠമായി പാസ്സാക്കിയ വിവരം താങ്കൾക്ക് അറിവുള്ളതാണല്ലോ. രാഷ്ട്രപതിയുടെ അംഗീകാരത്തോടെ യാഥാർത്ഥ്യമാക്കുന്നതിനായി 2011 മാർച്ച് 29ന് കേന്ദ്രത്തിലേക്ക് അയച്ച ബില്ല് രണ്ട് വർഷം പിന്നിടുമ്പോഴും രാഷ്ട്രപതിയുടെ സമക്ഷം ഒപ്പുവയ്ക്കുന്നതിനായി എത്തിയിട്ടില്ല. കേന്ദ്രസർക്കാരിന്റെ വിവിധ മന്ത്രാലയങ്ങൾ ബില്ലിന് അംഗീകാരം നൽകുന്നതിനനുകൂലമായി ശുപാർശ ചെയ്തിട്ടും ബില്ല് ഇപ്പോഴും ആഭ്യന്തര മന്ത്രാലയത്തിൽ കുടുങ്ങിക്കിടക്കുകയാണ്. കോളക്കമ്പനിയുടെ സ്വാധീനമാണ് ബില്ല് യാഥാർത്ഥ്യമാകുന്നതിന് തടസ്സമായി നിൽക്കുന്നതെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ബിൽ പാസ്സാക്കുന്നതിൽ സഹകരിച്ച താങ്കളുടെ രാഷ്ട്രീയ പ്രസ്ഥാനമടക്കം ഇക്കാര്യത്തിൽ താത്പര്യമെടുക്കാത്ത സ്ഥിതിയാണുള്ളത്. ബിൽ യാഥാർത്ഥ്യമാകാത്തതിൽ പ്രതിഷേധിച്ച് പ്ലാച്ചിമട സമര-ഐക്യദാർഢ്യ പ്രവർത്തകർ 2011 ഡിസംബർ 17ന് പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിയുടെ ഭൂമിയിൽ പ്രവേശിച്ച് അറസ്റ്റ് വരിക്കുകയും ജാമ്യം നിഷേധിച്ച് ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്തിരുന്നു. തുടർന്ന് വിയ്യൂർ സെൻട്രൽ ജയിലിൽ ഞങ്ങൾ നടത്തിയ അനിശ്ചിതകാല നിരാഹാര സമരം താങ്കൾ മധ്യസ്ഥനായി ഇടപെട്ടതിനെ തുടർന്ന്, ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം നേടിയെടുക്കാൻ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അറിയിച്ചുകൊണ്ട് ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. പി.ജെ. ജോസഫ് ജയിലിലേക്ക് ഫാക്സ് സന്ദേശം അയച്ചതിനെ തുടർന്നാണ് അവസാനിച്ചത്. എന്നാൽ രണ്ട് വർഷത്തിലേറെക്കഴിഞ്ഞിട്ടും ഈ ഉറപ്പ് പാലിക്കാൻ സർക്കാറിന് കഴിയാത്ത സാഹചര്യത്തിൽ 2014 ഫെബ്രുവരി 3-ാം തീയതി മുതൽ പ്ലാച്ചിമടയിൽ വീണ്ടും അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചിരിക്കുകയാണ്. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കിക്കൊണ്ട് കൊക്കക്കോളയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനും കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ നിർണ്ണായക അദ്ധ്യായമായിത്തീർന്ന പ്ലാച്ചിമട സമരത്തിന്റെ വിജയകരമായ പൂർത്തീകരണത്തിനും കോൺഗ്രസ് പാർട്ടിയുടെ സംസ്ഥാന അദ്ധ്യക്ഷൻ എന്ന നിലയിൽ താങ്കളുടെയും താങ്കളുടെ പ്രസ്ഥാനത്തിന്റെയും അടിയന്തര ഇടപെടൽ പ്രതീക്ഷിക്കുന്നു.